(ബി) പ്രസ്തുത കേസിലെ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ ;

(സി) കളവുപോയ വാഹനം കണ്ടുപിടിച്ചിട്ടുണ്ടോ ;

(ഡി) പ്രതികളെ കണ്ടെത്തിയിട്ടില്ലെങ്കിൽ അടിയന്തിരമായി കണ്ടെത്താനും വാഹനം കണ്ടെത്തി ഉടമസ്ഥന് നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേസിന്റെ അന്വേഷണം നടന്നുവരുന്നു.

(ബി) അറസ്റ്റു ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വാഹനം കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമം നടന്നുവരുന്നു.

ചന്ദ്രൻനാടാരെ ആക്രമിച്ച സംഭവം

47 (3793) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14-5-2003-ന് തിരുവനന്തപുരം ജില്ലയിലെ സത്യൻ നഗറിൽ ചന്ദ്രൻ നാടാർ, അജിതാ ഭവൻ, എന്നയാളെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതി എന്നാണ് ലഭിച്ചതെന്നും അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നും പ്രതിയെ അറസ്റ്റ് ചെയ്തുവോ എന്നും വ്യക്തമാക്കാമോ ;

(സി) ഇയാൾ മറ്റുകേസുകളിൽ പ്രതിയാണോ എന്നും, എത്ര കേസുകൾ പ്രസ്തുത വ്യക്തിയുടെ പേരിൽ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-5-2003 ന് വൈകിട്ട് 5.30 ന് ചന്ദ്രൻ എന്നയാളെ ബിനു ദേഹോപദ്രവം ഏൽപ്പിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ് എന്ന വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നേമം പോലീസ് സ്റ്റേഷനിലെ എച്ച്.സി.5126 ആശുപത്രിയിലെത്തി ടി ചന്ദ്രന്റെ മൊഴി രേഖപ്പെടുത്തുകയും ടി മൊഴിയിൽ ചന്ദ്രനെ ടി ബിനു കൈകൊണ്ട് ഇടിക്കുകയും അടിക്കുകയും, കാലുകൊണ്ട് ചവിട്ടുകയും ചെയ്തതിൽ വച്ച് പരിക്കുകൾ സംഭവിച്ചതാണെന്ന് പറയുകയാൽ, പോലീസിന് നേരിട്ടെടുക്കുവാൻ പാടില്ലാത്ത വകുപ്പായതുകൊണ്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിനനുവാദത്തിനായി ടി ചന്ദ്രന്റെ മൊഴിയും, ദേഹസ്ഥിതി നോട്ടും നെയ്യാറ്റിൻകര ജെ.എഫ്.എം.സി-1 മുമ്പാകെ അയച്ചുകൊടുക്കുകയും ആയതു കോടതി സി.എം.പി.4315/03-ാം നമ്പരായി ഫയലിൽ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിന് ഉത്തരവു നൽകുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബിനുവിനെ പ്രതിയാക്കി നേമം പോലീസ് സ്റ്റേഷനിൽ ക്രൈം 160/03 നമ്പരായി സെക്ഷൻ 323 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും, അന്വേഷണം പൂർത്തിയാക്കി 10-6-2003-ൽ കോടതി മുമ്പാകെ ചാർജ് ഹാജരാക്കിയിട്ടുള്ളതുമാണ്. പ്രതി ഒളിവിലായതിനാൽ അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല.

(സി) ഇയാൾ മറ്റു കേസുകളിലും പ്രതിയായിട്ടുണ്ട്. ടിയാനെതിരെ ആറ് കേസുകൾ നിലവിലുണ്ട്.

വാഹനവും സ്വന്തം കെട്ടിടവുമില്ലാത്ത പോലീസ് സ്റ്റേഷനുകൾ

48 (3794) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനമില്ലാത്ത പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ ; എങ്കിൽ എത്രയെന്നും ഏതൊക്കെ ജില്ലകളിലെന്നും വ്യക്തമാക്കാമോ ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനങ്ങൾക്കായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 5 പോലീസ് സ്റ്റേഷനുകളിൽ വാഹനമില്ല.

ആലപ്പുഴ ജില്ലയിൽ - വിയ്യപുരം, വെൺമണി

കോട്ടയം ജില്ലയിൽ - രാമപുരം, വാകത്താനം

കൊച്ചി (സിറ്റി) ജില്ലയിൽ - മുളവുകാട്

എന്നീ പോലീസ് സ്റ്റേഷനുകളിലാണ് വാഹനമില്ലാത്തത്.

(ബി) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത '85' പോലീസ് സ്റ്റേഷനുകളാണ് ഉള്ളത്.

തിരുവനന്തപുരം - 13 പോലീസ് സ്റ്റേഷൻ

കൊല്ലം - 11 ,,

പത്തനംതിട്ട - 4 ,,

LIBRARY ARCHIVES Kerala Legislative Assembly